**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4439 13.11.2019 -ലെ മറുപടിക്ക്**

**കറ്റ, പള്ളിമുകൾ കോളനികളിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതും കെൽ നിർവ്വഹണം നടത്തുന്നതുമായ കറ്റ,പള്ളിമുകൾ എന്നീ കോളനികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കറ്റ, പള്ളിമുകൾ കോളനികളിലെ നിർമ്മാണ പുരോഗതി ഇപ്രകാരമാണ്.<br>1) കറ്റ കോളനി - കുടിവെള്ള പദ്ധതിയുടെ 70% പൂർത്തീകരിച്ചിട്ടുണ്ട്. ഓവർഹെഡ് വാട്ടർടാങ്ക്, തൊണ്ടങ്ങൽ മൂല റോഡ് റീ ടാറിംഗ്, സാംസ്കാരിക സമിതി കെട്ടിടം, ടി.വി., അലമാര വിതരണം, ഭവന പുനരുദ്ധാരണം, ചിറ നവീകരണം, സോളാർ ലൈറ്റ് സ്ഥാപിക്കൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്.<br>2) പള്ളിമുകൾ കോളനി - കുടിവെള്ള പദ്ധതിയുടെ 95% പൂർത്തിയായിട്ടുണ്ട്. റോഡ് സൈഡ് കെട്ടി കട്ട വിരിക്കൽ, റോഡ് റീ ടാറിംഗ്, വാട്ടർടാങ്ക് നിർമ്മാണം, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, പമ്പ് സെറ്റ്, പൈപ്പ് ലൈൻ സ്ഥാപിക്കൽ, കമ്മ്യൂണിറ്റി ഹാൾ എന്നിവ വിവിധ ഘട്ടങ്ങളിലാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | 31/03/2020 ന് മുൻപ് പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| (സി) | കുറ്റ കോളനിയിലെ കുടിവെള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (സി) യും (ഡി) യും | കുടിവെള്ള പദ്ധതിയിലുൾപ്പെട്ട നിലവിലുള്ള വാട്ടർടാങ്ക് കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥയിലാണ്. നിർവ്വഹണ ഏജൻസിയായ KEL ഉം കേരള വാട്ടർ അതോറിറ്റിയും ചേർന്നാണ് ടി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. ഇതിൽ ജല അതോറിറ്റിയുടെ പരിധിയിൽ വരുന്ന ശുദ്ധ ജല വിതരണ സംവിധാനത്തിൽ വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള പ്രഷർ ഫിൽട്ടർ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് ഭേദഗതി ചെയ്യേണ്ടിവന്നതിനാലാണ് കാലതാമസം നേരിട്ടത്. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ